**പതിനാലാം കേരള നിയമസഭ**

**19-ാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: **T 2525** **12/03/2020-ൽ** മറുപടിയ്ക്ക്

## ' കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ സാമ്പത്തിക പ്രതിസന്ധി '

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ.കെ.സി.ജോസഫ്** | **ശ്രീ.ടി.പി.രാമകൃഷ്ണൻ**<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |

| | **ചോദ്യം** | **മറുപടി** |
|---|---|---|
| (എ) | സംസ്ഥാനത്ത് കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ് വഴി നൽകുന്ന ആനുകൂല്യങ്ങളിൽ നിലവിൽ കുടിശ്ശികയുണ്ടോ, എന്നുമുതലുള്ള ആനുകൂല്യങ്ങൾക്കാണ് കുടിശ്ശികയുള്ളത്; | (എ) ഉണ്ട്. അധിവർഷാനുകൂല്യം, വിവാഹ ധനസഹായം എന്നിവയിൽ 2011 മുതലും, പ്രസവ ധനസഹായം 2013 മുതലും കുടിശ്ശികയാണ്. |
| (ബി) | ബോർഡ് നിലവിൽ സാമ്പത്തിക പ്രതിസന്ധി നേരിടുന്നുണ്ടോ; എങ്കിൽ അത് പരിഹരിക്കുന്നതിന് ക്ഷേമനിധിയിൽ ഭൂഉടമകളും തൊഴിലാളികളും അടയ്ക്കേണ്ട അംശദായത്തിന്റെ തോത് വർദ്ധിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) ഉണ്ട്. തൊഴിലാളികളിൽ നിന്നുള്ള അംശദായം പ്രതിമാസം 5/- രൂപയിൽ നിന്നും 20/-രൂപയാക്കി വർദ്ധിപ്പിച്ചും, 20 "ആർ" നും 40 "ആർ" നും ഇടയിൽ ഭൂമിയുള്ള ഭൂവുടമകളിൽ നിന്നും ഓരോ ആറിനും 50 പൈസ നിരക്കിലും 40 "ആർ" ന മുകളിലുള്ള ഭൂവുടമകളിൽ നിന്ന് ഓരോ "ആർ" നും ഒരു രൂപ എന്ന നിരക്കിലും ഭൂവുടമാവിഹിതം വർദ്ധിപ്പിച്ചും ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (സി) | 2019-20 ലെ ബഡ്ജറ്റിൽ വർദ്ധിപ്പിച്ച ഭൂനികുതിയുടെ ഒരു ഭാഗം കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിന് കൈമാറിയിട്ടുണ്ടോ, എങ്കിൽ എന്ത് തുക ഇപ്രകാരം ലഭിച്ചുവെന്ന് അറിയിക്കാമോ? | (സി) ഇല്ല. 2019-20-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചതനുസരിച്ചുള്ള 100 കോടി രൂപ ക്ഷേമനിധി ബോർഡിന് കൈമാറിയിട്ടുണ്ട്. 2020-21-ലെ ബഡ്ജറ്റിൽ കുടിശ്ശിക വിതരണത്തിനായി 50 കോടി രൂപ കൂടി നീക്കിവച്ചിട്ടുണ്ട്. |

Sreedevi

സെക്ഷൻ ഓഫീസർ